


# ഭ്രമണ





## സെന്റ് മാത്യൂസ് ഹൈസ്കൂൾ കണ്ണങ്കര


ST. MATHEWS HIGH SCHOOL KANNANKARA
ST. XAVIER'S KNANAYA CATHOLIC CHURCH 175TH ANNIVERSARY MEMORIAL BUILDING

# ലിറ്റിൽ കൈറ്റ്സ്

LK/2018/34015

## സെന്റ് മാത്യൂസ് ഹൈസ്കൂൾ,കണ്ണങ്കര

## ഡിജിറ്റൽ മാഗസിൻ

## 2019-2020

## ഉള്ളടക്കം

ഞാനാര് ?......6
ഗാന്ധിജി എന്റെ കാഴ്ചപ്പാടിൽ......7
മഹാത്മാവിന്റെ ജീവിതത്തിലൂടെ......9
അമ്മ എന്നോട് പറഞ്ഞത്......18
' 'ബുദ്ധിയുള്ള കാക്ക '......19
എന്റെ വിദ്യാലയം......20
സിറോ ബഡ്ജറ്റ് കൃഷി......27
അറിവിന്റെ നിറവിലേക്ക്......29
കവിത......30
PROVERBS......31
വേമ്പനാട് കായൽ......36
വേമ്പനാട് കായൽ :-ലോകത്തിൽ ഏറ്റവുംഅധികം......37
മലിനീകരണം നേരിടുന്ന ജലാശയങ്ങളിൽ ഒന്ന്......37
എന്നെ കണ്ടെത്താമോ ?......40
ശാസ്ത്ര ക്വിസ്......41
......42
എന്റെ ഗുരുനാഥൻ......42
മെൻഡലിയേഫ് പീരിയോഡിക് ടേബിൾ , ആധുനിക പീരിയോഡിക് ടേബിൾ -ഒരു താരതമ്യം......44
മഹത് വചനങ്ങൾ......45
ദൃശ്യമാധ്യമങ്ങളും കേരളീയ സംസ്കാരവും......46
മേനി പറച്ചിൽ......48
റോസാപ്പൂ......49
Quotes of Mahatma Gandhi......50
സമാന്തരവര......51
ക്വിസ്......52
കടങ്കഥകൾ......54
NUMBER PATTERN......58
......59
എന്റെ ലോകം......59
വർഗങ്ങളുടെ ഭംഗി......60
പ്രകാശദീപം......61

# സന്ദേശം

കണ്ണങ്കര സെന്റ് മാത്യൂസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ രൂപപ്പെടുത്തി എന്നറിഞ്ഞതിൽ ഏറെ സന്തോഷവും അഭിമാനവും ഉണ്ട് . മുഖ്യധാരാ വിദ്യാഭ്യാസത്തിന്റെ ഭാഗമാകുവാൻ പൊതുവിദ്യാലയങ്ങൾ ഇന്ന് തീവ്ര ശ്രമത്തിലാണ് . അതിനു ആക്കം കൂട്ടുന്നത് വിവരവിനിമയസാങ്കേതിക വിദ്യയുടെ എല്ലാവിധ സൗകര്യങ്ങളും നമ്മൾ ഉപയോഗിക്കുമ്പോൾ ആണ് . കുട്ടികളുടെ സർഗാത്മക കഴിവുകൾ വിവരവിനിമയസാങ്കേതികവിദ്യ ഉപയോഗിച്ച് വളരെ മനോഹരമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു .ഇതിൽ പങ്കെടുത്ത കുട്ടികൾക്ക് അറിവിന്റെ ലോകത്തു നൂതനങ്ങളായ ആശയങ്ങളും തുടർപ്രവർത്തനങ്ങളും നടത്താൻ ഇതുവഴി സാധിക്കും .ഈ ഡിജിറ്റൽ സർഗ്ഗസൃഷ്ടിക്ക് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ഭാവുകങ്ങൾ .


**സ്നേഹപൂർവ്വം**

**ഒ എം മാത്യു**

**ഹെഡ്മാസ്റ്റർ**

# ഞാനാര് ?

അഹിംസാ പ്രവാചകൻ
സത്യം ഈശ്വരപൂജയാണ്
എന്റെ ജീവിതമാണെന്റെ സന്ദേശം
പ്രാർഥനയാകുന്ന താക്കോൽ കൊണ്ട് ഓരോ ദിനവും തുറക്കുകയും അടയ്ക്കുകയും ചെയ്തു
ഉപ്പിന്റെ നികുതി ചുമത്തിയപ്പോൾ 200 മൈൽ കാൽനടയായി നടന്ന ഉപ്പ് കുറുക്കി
എല്ലാവർക്കും ഉടുപ്പുണ്ടായിട്ടേ ഞാൻ ഉടുപ്പ് ധരിക്കൂ
സുദാമപുരിയിൽ ജനിച്ചു
സബർമതിയിൽ ആശ്രമം സ്ഥാപിച്ചു
നിരാഹാരം ആയുധമാക്കിയവൻ
ലോകത്തിലെ സകല ചരാചരങ്ങളെയും സ്വന്തം കുടുംബക്കാരായി സ്വീകരിച്ച വ്യക്തി
ഹരിജൻ കോളനിയിലും കൊട്ടാരത്തിലും ജീവിച്ചവൻ
ശത്രുക്കളെപ്പോലും മിത്രമായി സ്വീകരിച്ച് പുരസ്കാരം കൈമാറിയവൻ
ജാതി ,മത ,വർണവ്യത്യാസങ്ങൾക്കെതിരെ സന്ധിയില്ലാസമരം നയിച്ചവൻ
യമുനയുടെ തീരത്ത് അന്ത്യ വിശ്രമം
വെടിയേറ്റ് രക്തസാക്ഷിയായി



ANUSREE THAMPI
VIII B

# ഗാന്ധിജി എന്റെ കാഴ്ചപ്പാടിൽ


ലോകമെമ്പാടും ഗാന്ധിജിയുടെ നൂറ്റിയമ്പതാം ജന്മവാർഷികം ഏറെ പ്രാധാന്യത്തോടെആഘോഷിക്കുമ്പോൾ എന്താണ് ഗാന്ധിജിയെ മറ്റുലോകനേതാക്കളിൽനിന്നും നിന്നും വ്യത്യസ്തനാക്കുന്നത് എന്ന് നമുക്ക്നോക്കാം. ഹിംസയുടെ പ്രവാചകനായ ഗാന്ധിജി ജനിച്ചത് ഒരു സമ്പന്ന കുടുംബത്തിലാണ് .ബാരിസ്റ്റർ ബിരുദം നേടിയ അദ്ദേഹം ഭാരതത്തിൽ മാത്രമല്ലആഫ്രിക്കയിലുപോലും ജനകോടികൾക്കു സ്വാതന്ത്ര്യവും മെച്ചപ്പെട്ട ജീവിത നിലവാരവും ലഭ്യമാക്കുന്നതിനും എല്ലാവർക്കും ചൂഷണത്തിൽ നിന്നും സമഗ്രമോചനം ലഭിക്കുന്നതിനുമായി അഹോരാത്രം അഹിംസയും ഉപവാസസത്യാഗ്രഹവും പടവാളാക്കി പൊരുതിയ മഹാൻ. ഉപ്പിനു കരം കെട്ടാൻ ബ്രിട്ടിഷുകാർതീരുമാനിച്ചപ്പോൾ മരണം വരെ ഇനി ഉപ്പില്ലാതെ ആഹാരം കഴിക്കുമെന്നും ഭാരതത്തിലെ മുഴുവൻ ആളുകൾക്കും ധരിക്കാൻ വസ്ത്രമുണ്ടായെങ്കിൽ മാത്രമേ ഞാനിനി ഉടുപ്പിടുകയുള്ളു എന്നും പ്രീതിജ്ഞ ചെയ്തു പുണ്യ പുരുഷൻ . ആരെയുംവേദനിപ്പിക്കാതെ എല്ലാവരോടും സത്യസന്ധതയോടും സമാധാനത്തോടും ഇടപെട്ട മനുഷ്യൻ. സഹനസമരത്തിന്റെയും ,സ്നേഹത്തിന്റെയും പരിമളം ലോകമെങ്ങും കാണിച്ച മനുഷ്യസ്നേഹി .അധ്വാനത്തിലൂടെ അന്നം നേടാൻ കുടിലുകളിലും ,കൊട്ടാരങ്ങളിലും ,ജയിലറകളിൽ പോലും ജോലിചെയ്തവൻ.ശത്രുവിന് പോലും സ്നേഹത്തോടെ പുരസ്കാരങ്ങൾ കൈമാറിയവൻ .ഈ ജീവലോകത്തെ സർവ്വചരാചരങ്ങളും

എന്റെ കുടുബക്കാർഎന്ന് വിശ്വസിച്ച മഹാൻ .സത്യം ഈശ്വര പൂജയായും തന്റെ ജീവിതം തന്നെ തന്റെ സന്ദേശമായും മാനവലോകത്തെ പഠിച്ച മഹാന്മാവ് ഇന്ന്ജീവിതം തന്നെ തന്റെ സന്ദേശമായും മാനവലോകത്തെ പഠിച്ച മഹാന്മാവ് ഇന്ന് ഇന്ത്യയ്ക്ക് ഒരുഅധികപ്പറ്റായോ എന്ന് ഞാൻ സംശയിക്കുന്നു .കാരണംഐക്യരാഷ്ട്ര സംഘടനയും മറ്റുലോകരാജ്യങ്ങളും ഗാന്ധിജിയെ ഈ കലഘട്ടത്തിൽ "ശ്വാശ്വത പരിഹാര "മായി സ്വീകരിക്കുമ്പോൾ ഇന്ത്യയിലെ ഭരണാധികാരികൾക്ക് അദ്ദേഹത്തിന്റെ ഘാതകനെ തന്നെ മഹാത്മാവാക്കാനും അയാൾക്കു ക്ഷേത്രം പണിയാനുംതാല്പര്യം കാണിക്കുന്നത് വിരോധാഭാസമല്ലേ ? പ്രിയ കുട്ടുകാരെ പ്രാർത്ഥനയോടെ ജീവിതം ആരംഭിച്ച പ്രാർത്ഥനയിൽ ജീവിതം അവസാനിപ്പിച്ച മലപോലുള്ള പ്രശ്നങ്ങളെ മഞ്ഞുപോലെ ഉരുക്കിക്കളഞ്ഞ ആ ശ്രേഷ്ഠ ഗുരുവിന്റെ മുമ്പിൽ ശിരസ്സുനമിച്ച നമുക്ക് പരിണാമം അർപ്പിക്കാം. ഒപ്പംഅഹിംസാമന്ത്രവും ,സത്യം ,സ്നേഹം ,ത്യാഗം ,ക്ഷമ എന്നി സുകൃതങ്ങളും നമ്മൾക്ക് ശീലമാക്കി നമ്മുടെ ജീവിതവും അർത്ഥപൂർണ്ണമാക്കാം .


# <u>മഹാത്മാവിന്റെ ജീവിതത്തിലൂടെ</u>





1886



1889




1909


1918















1944


1947














| | | | |
|---|---|---|---|
| BORN | MOHANDAS KARAMCHAND GANDHI, 2nd OCT 1869 | OTHER NAMES | MAHATMA GANDHI, BAPUJI, GANDHIJI |
| DIED | 30 JAN 1948 NEW DELHI, INDIA | OCCUPATION | LAWYER POLITICIAN ACTIVIST, WRITER |
| CAUSE OF DEATH | ASSASSINATION (GUNSHOT) | NOTABLE WORK | THE STORY OF MY EXPERIMENTS WITH TRUTH |
| MONUMENTS | RAJ KHAT, GANDHI SMRITHI | SPOUSE, CHILDREN | KASTURBA GANDHI HARILAL, MANILAL, RAMDAS, BANDAS |
| NATIONALITY | INDIAN | PARENTS | KARAMCHAND GANDHI, PUTLIBHAI GANDHI |

# അമ്മ എന്നോട് പറഞ്ഞത്

ഇത് ഒരു സംഭവകഥയാണ് ,എന്റെ ജീവിത കഥ. ഞാൻ ഈ ലോകത്ത് ഏറ്റവുമധികം സ്നേഹിക്കുന്നത് എന്റെ അമ്മയെയാണ് . അമ്മയായിട്ട് വഴക്കിടുന്നത് ഒരു സുഖമാണ് .ഞാൻ ദിവസവും കുരുത്തക്കേടുകൾ ഒപ്പിക്കും .എന്തിനാണെന്നുവെച്ചാൽ അപ്പോൾ അമ്മ എനിക്കു ധാരാളം ഉപദേശങ്ങൾ തരും .അമ്മയുടെ ഉപദേശമാണ് ഞാൻ എന്ന നല്ല വ്യക്തിയാകാൻ പ്രേരണയായത് .ഞാൻ സ്വയം പുകഴ്ത്തുവല്ല ,എന്നിലെ നന്മയ്ക്കു കാരണം എന്റെ അമ്മയാണ് .

എന്നെ എന്റെ അമ്മ ഒരുപാട് ഉപദേശിച്ചിട്ടുണ്ടെങ്കിലും അതിൽ ഒരു ഉപദേശം എന്നെ വല്ലാതെ ആകർഷിച്ചത് എന്റെ ജീവിത പാതയിൽ വഴികാട്ടിയായി .അന്ന് എന്നോട് എന്റെ അമ്മ പറഞ്ഞ ആ വാക്കാണ് എന്റെ ജീവിത വിജയത്തിന്റെ രഹസ്യം .നമ്മുടെ ജീവിതത്തിലെ ആദ്യത്തെ ലക്ഷ്യം പൈലറ്റാകാനോ ,ടീച്ചറാകാനോ ,ഡോക്ടറാകാനോ ഒന്നുമായിരിക്കരുത് ഒരു നല്ല മനുഷ്യനായി തീരുക എന്നതായിരിക്കണം .മറ്റുളവർക്കുവേണ്ടി നന്മ ചെയ്യുക ,എല്ലാവരെയും ഒരേപോലെ കണ്ടു സ്നേഹിക്കുക ,ശത്രുക്കളെ പോലും മിത്രമായി കാണുക എന്നൊക്കെയാണ് .ഇത്രയും സ്നേഹവും വാത്സല്യവുമുള്ള ഒരു മാതാവ് ഈ ഭൂമിയിൽ തന്നെയുണ്ടാകില്ല .ആ അമ്മയുടെ മകളായി ജനിച്ചതിൽ ഞാൻ എത്രയോ ഭാഗ്യവതിയാണ് .എന്റെ അമ്മയാണ് എന്റെ ജീവിതം .

**ആലിയ സുനീർ**

'

# 'ബുദ്ധിയുള്ള കാക്ക '

ഒരിക്കലൊരു കാക്കയ്ക്ക് ഒരു അപ്പക്കഷ്ണം കിട്ടി . അപ്പം കൊത്തികൊണ്ടു കാക്ക ഒരു മരക്കൊമ്പിൽ പോയിരുന്നു .കാക്കയുടെ വായിലിരിക്കുന്ന അപ്പക്കഷ്ണം കണ്ടപ്പോൾ കുറുക്കനു കൊതി തോന്നി .കുറുക്കൻ കാക്കയെ നോക്കി മരത്തിനു ചുവട്ടിൽ ഇരിപ്പായി . കുറച്ചു നേരം ആലോചിച്ച ശേഷം കാക്കയോട് സൂത്രം പ്രയോഗിക്കാമെന്നു കരുതി ഇങ്ങനെ പറഞ്ഞു കാക്കത്തമ്പുരാട്ടി നിന്റെ പാട്ടെത്രരെസം നീയൊന്നു നിന്റെ വാതുറന്നു പാടിക്കേൾപ്പിക്കു .എന്നിട്ടു നിനക്ക് അപ്പം തിന്നാം എത്ര കാലമായി നിന്റെ പാട്ടൊന്നു കേട്ടിട്ട് .കാക്കയ്ക്ക് നല്ല ബുദ്ധിയുണ്ടായിരുന്നു .കാക്ക വായിലിരുന്ന അപ്പക്കഷ്ണം കാലിൽ ചേർത്തുപിടിച്ചു .വാ തുറന്നു കാക്ക പാടി കാ ....കാ ..നോക്കി നിന്ന കൊതിയൻ കുറുക്കൻ നാണിച്ചു പോയി .തലയും താഴ്ത്തി കാട്ടിലേക്ക് ഓടി മറഞ്ഞു .

**എയ്ഞ്ചൽ മരിയ സാബു**



# എന്റെ വിദ്യാലയം

വിദ്യാക്ഷേത്രമാണ് വിദ്യാലയം
വിദ്യാദേവി നിലനിൽക്കുന്ന
താണെൻ വിദ്യാലയം
വിദ്യാലയം വഴി അറിവ്
കിട്ടും എൻ വീടാണത് ..

കൂട്ടുകാരുമൊത്തു കളിച്ചു നടക്കുന്ന താണെൻ
വിദ്യാലയം ..
നന്മകൾ പറഞ്ഞു
തരുന്ന താണെൻ
വിദ്യാലയം ..

നന്മകൽ പറഞ്ഞു തിന്മയിലേക്ക്
വിടാതെ നോക്കുന്നതാണെൻ വിദ്യാലയം ..
ആകാശ നീലിമയിൽ കെടാ -
വിളക്കായി മിന്നുന്നതാ-
ണെൻ വിദ്യാലയം

**ആർഷമോൾ ജെ**


ST. MATHEWS HIGH SCHOOL KANNANKARA






പരിസ്ഥിതി ദിനാഘോഷവും
സീഡ് ക്ലബ്ബ് ഉദ്ഘാടനവും
2019- 2020







**LEKSHMI E B**

# സിറോ ബഡ്ജറ്റ് കൃഷി

വരുംതലമുറയ്ക്ക് ശുഭകരമായ ഭാവി ഉറപ്പു വരുത്തണമെങ്കിൽ പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള കൃഷി അനിവാര്യമാണ് .ജൈവകൃഷി ,ആധുനികകൃഷി ,എന്നിവയിൽനിന്നും വ്യത്യസ്തമായി ഉല്പാദനോപാധികൾക്കു ഒരു ചെലവും ഇല്ലാത്തതും ഹരിതവാതകങ്ങളുടെ പുറംതള്ളലിന് കരണമാകാത്തതുമായ കൃഷിരീതിയാണ് "സിറോ ബഡ്ജറ്റ് നാച്ച്യുറൽ ഫാമിംഗ്.ഭഷ്യവസ്തുക്കളുടെ ഉത്പാദനം ഇരട്ടിപ്പിക്കൽ , കർഷകവരുമാനം ഇരട്ടിക്കൽ എന്നിവ ഉറപ്പുവരുത്തുന്നതിന് സീറോ ബഡ്ജറ്റ്ഫാമിംഗ് ആണ് ഏക പോംവഴി.ആഗോളതാപനത്തിനും പ്രകൃതി മലിനീകരണത്തിനും കാരണമാകുന്ന രാസകൃഷി ,ജൈവകൃഷി എന്നിവ ഒഴിവാക്കി സിറോ ബഡ്ജറ്റ് കൃഷി നടപ്പിലാക്കാം. പ്രകൃതി മലിനീകരണം, അന്തരീക്ഷമലിനീകരണം ഇവ തടയുന്നതിന് പരിസ്ഥിതിസൗഹൃദ ശാസ്ത്രീയ കൃഷിയിലേക്ക് കർഷകരെ നയിക്കുക. ശ്രീ. സുഭാഷ് പലേക്കറുടെ സിറോ ബഡ്ജറ്റ് കൃഷി നടപ്പാക്കാൻ ഏറെ അനുകൂലമായ സാഹചര്യമാണ് കേരളത്തിൽ നിലവിലുള്ളത്. പ്രളയശേഷമുള്ള കൃഷിയിൽ, കൃഷിച്ചെലവ് കുറച്ചുകൊണ്ട് പരമാവധി ഉല്പാദനം, പരിസ്ഥിതി സൗഹൃദ രീതിയിൽ, ഒട്ടും വിഷം തിണ്ടാതെ വിളയിക്കാൻ സിറോ ബഡ്ജറ്റ് പ്രകൃതികൃഷി സഹായകരമാകുമെന്നെ ഉറപ്പാക്കാം. ഹരിതവിപ്ലവമുണ്ടാക്കിയ പാരിസ്ഥിതിക ആഘാതകളെക്കുറിച്ച് ഒട്ടേറെ പഠനഫലങ്ങൾ വന്നിട്ടുണ്ടെങ്കിലും നമ്മളിലേറെപേരും ഇപ്പോഴും അതിന്റെ പ്രയോക്താക്കളായി തുടരുന്നു. രാസകൃഷി കേരളത്തിലെ മണ്ണിലും കൃഷിയിലും അപകടകരമായ ഒരു അവസ്ഥ സംജാതമാക്കിയിട്ടുണ്ട് .ഉർവ്വരയായി നിലനിൽക്കേണ്ട മണ്ണിനെ നമ്മൾ വന്ധ്യയാക്കികൊണ്ടിരിക്കുന്നു. അതേസമയം

പല ലോകരാഷ്ട്രങ്ങളും, ഇന്ത്യയിലെ ചില സംസ്ഥാനങ്ങളും പരിസ്ഥിതിസൗഹൃദ കൃഷിമുറകളിലേക്ക് മാറുന്ന സ്ഥിതിവിശേഷം വളരെ പ്രകടമാണ്. 2015 ലാണ്

ഈ കർഷകർ പരിസ്ഥിതിസൗഹൃദ കൃഷിരീതിയിലേക്ക് മാറുന്നത്. ഗോമൂത്രം, ചാണകം, വേപ്പില എന്നിവ മണ്ണിൽ ചേർത്തുള്ള കൃഷിരീതി .രാസകൃഷിയിൽ

വിളയുന്നതിനേക്കാൾ ഗുണവും രുചിയും സൂക്ഷിപ്പുകാലവുമുള്ള സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഇവർ വിളയിക്കുന്നു. മണിപ്പൂർ ഉൾപ്പെടെ പലസംസ്ഥാനങ്ങളും ഇത് ഒരു മാതൃകയായി ഏറ്റെടുത്തിട്ടുണ്ട് .മണ്ണിന്റെ ജീവനും ഉർവ്വരതയും പരിസ്ഥിതിയുടെ നിർമ്മലതയും എന്തുവിലകൊടുത്തും നിലനിർത്തേണ്ടത് ഓരോ മനുഷ്യന്റെയും കടമയാണ്. ഊഷരമായ മണ്ണല്ല നാം  അനന്തര തലമുറക്ക് കൈമാറാടെതെ. കൃഷിയെ പരിസ്ഥിതിക്കൊത്ത വിധമാക്കാനും, കർഷകന് കൃഷി സുരക്ഷിതവും ലാഭകരവുമായ ജീവിതമാർഗമാക്കാനും, അതുവഴി ഉപഭോക്താക്കൾക്ക് ആരോഗ്യകരമായ ജീവിതം ഉറപ്പാക്കാനുമുള്ള പ്രവർത്തനകൾ ചടുലതയോടെയും ഏറ്റെടുക്കാൻ നമ്മൾ ഓരോരുത്തരും മുന്നണിയിലുണ്ടാവണം.

അഷ്ന ബൈജു



# അറിവിന്റെ നിറവിലേക്ക്

ഒരിക്കൽ ഒരു കുട്ടി ടീച്ചറിനോട് ചോദിച്ചു :"ടീച്ചറേ ഈ അറിവും ബോധോദയവും"തമ്മിലുള്ള വ്യത്യാസം എന്താണ് ? അപ്പോൾ ടീച്ചർ പറഞ്ഞു : അറിവുണ്ടാകുമ്പോൾ നീ വിളക്കുകൊണ്ട് വഴി കാണിച്ചു കൊടുക്കുന്നു .ബോധോദയം ലഭിക്കുമ്പോൾ നീ തന്നെ വിളക്കായി മാറുന്നു .അതെ കൂട്ടുകാരെ ,'എനിക്കും ഒരു കെടാവിളക്കായി മാറണം' എന്ന ചിന്തയോടെ നമ്മുക്ക് അറിവ് നേടാം .

അമേരിക്കൻ ബാസ്ക്കറ്റ്ബോൾ ഇതിഹാസമായിരുന്നു മൈക്കിൾ ജോർദ്ദാൻ .സ്വന്തം കഴിവിലുള്ള അടിയുറച്ച വിശ്വാസത്തിലൂടെയും നിരന്തരമായ കഠിന പരിശ്രമത്തിലൂടെയും അദ്ദേഹം ബാസ്ക്കറ്റ്ബോൾ താരമായി മാറി.അദ്ദേഹം പറയുന്നുണ്ട് "കരിയറിൽ ഒമ്പതിനായിരത്തിൽ അധികം ഷോട്ടുകൾ നഷ്ടപ്പെടുത്തിയിട്ടുണ്ട് ,ഏകദേശം മുപ്പതോളം കളികളിൽ തോറ്റിട്ടുണ്ട്. വീണ്ടും പലതവണ പരാജയപ്പെട്ടു .അതുകൊണ്ടു മാത്രമാണ് എനിക്ക് വിജയം നേടാൻ സാധിച്ചത് .

സ്വന്തം കഴിവിൽ വിശ്വസിച്ചുകൊണ്ട് ജീവിതം തന്നെ ഇതിഹാസമാക്കി മാറ്റിയ ഇരുപത്തിയഞ്ചു വിദ്യാർത്ഥികളെകുറിച്ചു ലക്ഷ്മി ബൻസാൽ എഴുതിയ പുസ്തകമാണ് 'സ്റ്റേ ഹംഗറി സ്റ്റേ ,ഫൂളിഷ്' എന്നത് .ചെറിയ തോൽവികൾ വലിയ വിജയത്തിലേക്ക് നയിക്കും എന്ന മഹാസത്യം നാം മനസിലാക്കണം .

**തോൽവിയിൽ നിന്ന് വിജയത്തിലേക്ക് കുതിക്കുവാനുള്ള ആത്മവിശ്വാസവും അറിവും നാം നേടണം .**

**ജോയിഷ മരിയ ജോയി**

# കവിത

മാനവരെ നിങ്ങൾ അനുഭവിക്കുന്നത്
ലോക ദുരന്തമോ വാൻ നാശമോ അല്ല
നിങ്ങൾ പറയാൻ ബാക്കിവച്ചതും
നിങ്ങൾ ചെയ്ത പ്രകൃതി ചൂഷണവും
നിങ്ങളോടു പ്രതികരിച്ചതാണ്
പ്രകൃതിയത് പ്രളയമായി ചൊല്ലി
അനുഭാവികയാണ് ഏക ആശ്രയം
പ്രാർത്ഥനയാണ് അതിവേഗ പരിഹാരം
എങ്കിലും നീ അനുഭവിക്കും
നീ ചെയ്ത തെറ്റിൻ അനന്തരഫലങ്ങൾ
മാനവരെ നിങ്ങൾ ചിന്തിക്കുക



# PROVERBS

**Action speaks louder than words.**

**Barking dogs seldom bite .**

**Never cry over split milk.**

**Time and tide waits for no man**

**The pen is mightier than a sword**

**Look before you leap.**

**Man proposes ,God disposes**

**Nothing succeeds like success.**

**Virtue is its own reward.**

**History repeats itself.**

**Necessity is the mother of invention.**


**Lets sleeping dogs lie**


**Strike when the iron is hot**

**Health is better than wealth**


**Fine feathers make fine birds**

**Niranjan C M**





ATHIRA S


ART By Arun
STD: VIII A


ART By
Amith Sankar Ajith
STD: VIII A



ARUNKUMAR
VIII A



JISHNU P.O
IX A

# വേമ്പനാട് കായൽ

ഇന്ത്യയിലെ ഏറ്റവും നീളം കൂടിയതും,കേരളത്തിലെ ഏറ്റവും വലിപ്പം ഏറിയതുമായ കായൽ.കണ്ടല്കാടുകളും, പാടശേഖരങ്ങളും ,തെങ്ങിൻ തോപ്പുകളും,മറ്റ വിവിധ തരം സസ്യലതാദികളാൽ ഹരിതാഭമായ തീരമുള്ള ആലപ്പുഴ,എറണാകുളം കോട്ടയംജില്ലകളിലായിവ്യാപിച്ച കിടക്കുന്ന ഈ കായലിന്ന് റംസാർസംരക്ഷണ പട്ടികയിലാണ്. മധ്യകേരള സംസ്കാരത്തനിമയും ആചാരാനുഷ്ഠാനങ്ങളുംആഘോഷങ്ങളും ഈ കായലോരവുമായി ബന്ധപ്പെട്ടിരി ക്കുന്നു.ഒപ്പം ഈ മൂന്ന് ജില്ലകളിലെ- യും 20%ത്തോളം ആളുകളുടെ ഉപജീവനോ പാധിയും.ഈ കായലിനെ പ്രധാനമായും വേമ്പനാട്കായൽ, പുന്നമടക്കായൽ, കൊച്ചിനാകായൽ എന്നിങ്ങനെ മൂന്നായി വേർതിരിച്ചിരിക്കുന്നു . ഈ കായൽ പാതിരാമണൽ പോലെ അനേകം ചെറുദ്വീപുകളാൽ ചുറ്റപ്പെട്ടു കാണുന്നു. ഈ കായൽ പ്രദേശവാസികളുടെ തൊഴിൽ ദാതാവും അന്ന ദാതാവും ആയിരുന്നു. ഇന്ന് നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന പുന്നമടക്കായൽത്തീരം വലിയ മലിനീകരണം നേരിടുകയാണ്.150 ൽ പരം വ്യത്യസ്ത ജീവജാലങ്ങളാൽ സമ്പന്നമായിരുന്ന കായൽ ഇന്ന് അതിൽ ഏറെ എണ്ണത്തിനും വംശനാശഭീഷണി നേരിടുന്ന ജൈവമേഖലയായി മാറിയിരിക്കുന്നു .കേരളത്തിന്റെ തനതു മൽസ്യങ്ങളുടെ ലഭ്യതക്കുറവും, ഒഴുക്കി ല്ലാതെ പായൽ നിറഞ്ഞു ദുർഗന്ധം വമിക്കുന്നതും കായലിനെ ആശ്രയിച്ച ജീവി ക്കുന്നവരുടെ വരുമാനം കുറയുന്നതിനാൽ ജനങ്ങൾ ആശങ്കയിലാണ് .

അലീന എസ്

# വേമ്പനാട് കായൽ :-ലോകത്തിൽ ഏറ്റവുംഅധികം മലിനീകരണം നേരിടുന്ന ജലാശയങ്ങളിൽ ഒന്ന്

റംസാർ ഉടമ്പടി പ്രകാരം കേരളത്തിലെ മൂന്ന് ശുദ്ധജല ജലാശയങ്ങ ളായ അഷ്ടമുടിക്കായൽ, ശാസ്താംകോട്ടക്കായൽ,വേമ്പനാട്ടു കായൽ എന്നിവ മലിനീകരണവിമുക്തമായി സംരക്ഷിക്കേണ്ട ചുമതല ഭാരത സർക്കാരിനുണ്ട് . മലിനീകരണത്തിന്റെ മുഖ്യകാരണം മൈക്രോപ്ലാസ്റ്റിക്കിന്റെ സാന്നിദ്ധ്യം ആണെന്ന് കേരളായൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മത്സ്യവും സമുദ്രപഠനവും [KUFOS] എന്ന സംഘടനയുടെ പേരിൽ നടത്തിയ പഠനം തെളിയിക്കുന്നു. ടൂറിസ്റ്റുകളും , യാത്ര ക്കാരും , കായലിൽ വലിച്ചെറിയുന്ന പ്ലാസ്റ്റിക്, കായലിലെ സസ്യപ്ലവകങ്ങൾ , ആൽഗകൾ ,കക്ക എന്നിവയുടെ നാശത്തിനു കാരണമാകുന്നു .അവയുടെ പ്രജനനത്തെയും സാരമായി ബാധിക്കുന്നു .താഴ്ന്ന വരുമാനക്കാർ പ്രാദേശികമായി ഏറെ ഉപയോഗിക്കുന്ന മാംസ വിഭവങ്ങളായ നത്തകക്ക ,കക്ക എന്നിവ വിഷം നിറഞ്ഞ ആഹാരമായി മാറുന്നത് ഈ നാട്ടിലെ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു

90 ജാതി പക്ഷികളും 56 ഇനം ദേശാടന പക്ഷിക്കൂട്ടം വന്നിറങ്ങുന്ന കുട്ടനാടൻ കരിനിലങ്ങളും പുഞ്ചപ്പാടങ്ങളും മത്സ്യ, ,ജൈവ സമ്പത്തുകൊണ്ടും സമ്പന്നമായിരുന്ന ഈ പ്രദേശം വേനൽ ക്കാലമായാൽ മത്സ്യങ്ങൾ ചത്ത് പൊങ്ങുന്ന ദുർഗന്ധം വമിക്കുന്ന കായലോരങ്ങളാവുന്നു.ഇന്ന് ഈ കരനിലങ്ങളിൽ അധികവും തരിശായി കിടക്കുന്നു.അടുത്ത വർഷത്തിനുള്ളിൽ ഈ വേമ്പനാട് കായലും കായലോരവും,അന്യമാകുന്ന കണ്ടെത്തലാണ് നമ്മുടെ ഗവേഷകർ നടത്തിയിരിക്കുന്നത് .കായലോര ജീവിതത്തിന്റെ ജീവനാഡിയാണ് വേമ്പനാട്ടുകായൽ .നമുക്ക് വേണ്ടതെല്ലാം പകർന്നു നല്കാൻ സന്നദ്ധമായിരുന്നു

**വേമ്പനാട്ടുകായലിന്റെ സംരക്ഷണം നാം ഓരോരുത്തരുടെയും ചുമതലയാണ്.**

**ഒറ്റകെട്ടായി നിന്ന് വേമ്പനാട്ടുകായൽ പോലുള്ള ഓരോ പ്രകൃതി സമ്പത്തും കാത്ത് സൂക്ഷിക്കുവാൻ വേണ്ടി മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കാം കായലോര സസ്യങ്ങൾ സംരക്ഷിക്കാം ,കായൽ ജലം മലിനമാക്കാതിരിക്കാം .കൈ കോർക്കാം നാടിനു വേണ്ടി, കൈകോർക്കാം നമ്മക്കു വേണ്ടി .**

ലക്ഷ്മി ഇ ബി




honor 9N

# എന്നെ കണ്ടെത്താമോ ?

- ഗുജറാത്തിലെ ഗ്രാമീണ ചായക്കടയിൽനിന്നും ഡൽഹിയിലെ റൈസിന കുന്നിലെ ബംഗ്ലാവിലെത്തി
- സ്വച്ഛ് ഭാരത് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്
- കള്ളപ്പണം നിയന്ത്രിക്കാൻ നോട്ട് പിൻവലിച്ചു എന്നെ കണ്ടെത്താമോ
- കശ്മീരിന്റെ സംസ്ഥാനപദവി ഇല്ലാതാക്കി
- 370-ാംഭരണഘടനയുടെ അനുച്ഛേദം എടുത്തുമാറ്റി



ദേവനന്ദന എസ്

# ശാസ്ത്ര ക്വിസ്

1 ചിക്കൻഗുനിയ പരത്തുന്ന കൊതുക വർഗം : ഈഡിസ് ഈജിപ്തി

2 മസ്തിഷ്കത്തിന്റെ ഏറ്റവും വലിയ ഭാഗം :സെറിബ്രം

3 രാസചികിത്സയുടെ പിതാവ് :പേൾ ഐർലിക്

4 വൈദ്യുത ലാമ്പ് കണ്ടുപിടിച്ചതാര് :എഡിസൺ

5 കോശം കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ :റോബർട്ട് ഹൂക്ക്

6 രക്തത്തിനു ചുവപ്പു നിറം കൊടുക്കുന്നത് :ഹീമോഗ്ലോബിൻ

7 ഇൻസുലിന്റെ കുറവ് മൂലം ഉണ്ടാക്കുന്ന രോഗം :പ്രമേഹം

8 ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവാര് :ഹിപ്പോക്രാറ്റസ്

9'ഇന്ദിരാഗാന്ധി' ഏതു ചെടിയുടെ മുന്തിയ ഇനമാണ് :ചെമ്പരത്തി

10 സാധാരണ ഊഷ്മാവിൽ ദ്രവകാവസ്ഥയിലുള്ള ലോഹം :മെർക്കുറി

11 ദേശിയ ശാസ്ത്ര ദിനം : ഫെബ്രുവരി 28

12 ബാക്ടീരിയ കണ്ടുപിടിച്ചതാര് : ലീവൻ ഹൂക്ക്

13 സസ്യശാസ്ത്രത്തിന്റെ പിതാവാര് :തിയോ ഫ്രാസ്റ്റസ്

ദേവനന്ദന എസ്

# എന്റെ ഗുരുനാഥൻ

അച്ഛനാണെന്റെ ആദ്യ ഗുരു
നമ്മതൻ മൊഴിയിൽ പറഞ്ഞു തരുന്ന
ഇളം കാറ്റാണെൻ ഗുരുനാഥൻ .....
ആകാശനീലിമയിൽ കെടാവിളക്കായി
മിന്നിത്തിളങ്ങുന്നതാണെന്റെ ഗുരുനാഥൻ .....
ബാല്യം മുതൽ അറിവ് പകർന്നു നൽകും .....
സ്നേഹം പകർന്നു നൽകുന്നതാണെന്റെ
ഗുരുനാഥൻ ...
സ്നേഹത്തിന്റെ കെടാവിളക്കായി എന്നും
നിലനിൽക്കുന്ന എന്റെ ഗുരുനാഥൻ .....

**ആർഷമോൾ . ജെ**




**LEKSHMI E B**


# മെൻഡലിയേഫ് പീരിയോഡിക് ടേബിൾ , ആധുനിക പീരിയോഡിക് ടേബിൾ -ഒരു താരതമ്യം

## മെൻഡലിയേഫ് പീരിയോഡിക് ടേബിൾ

*മൂലക്രമീകരണം അറ്റോമികമാസ്സിന്റെ ആരോഹണക്രമത്തിൽ .
*66 മൂലകങ്ങൾ (കണ്ടുപിടിക്കപ്പെടാനുള്ളതുൾപ്പടെ )
*കണ്ടുപിടിക്കപ്പെടാനുള്ളതിനു വേണ്ടി സ്ഥാനങ്ങൾ ഒഴിച്ചിട്ടു .
*സംക്രമണ മൂലകങ്ങളെ മറ്റു മൂലകങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി .
*ഉൽകൃഷ്ട വാതകങ്ങൾ ഉൾപെടുത്തപ്പെട്ടില്ല
*ഒരേ മൂലകത്തിന്റെ ഐസോടോപ്പുകൾക്കു വ്യത്യസ്ത സ്ഥാനങ്ങൾ
*8 ഗ്രൂപ്പുകൾക്ക് വ്യത്യസ്ത സ്ഥാനങ്ങൾ
*8 ഗ്രൂപ്പുകൾ 6 പീരിയഡുകൾ

## ആധുനിക പീരിയോഡിക് ടേബിൾ

*മൂലക്രമീകരണം അറ്റോമിക നമ്പറിന്റെ ആരോഹണക്രമത്തിൽ
*118 മൂലകങ്ങൾ
*ഇപ്പോൾ ഒഴിവായികിടക്കുന്ന സ്ഥാനങ്ങൾ ഇല്ല
*സംക്രമണ മൂലകങ്ങൾക്കു കൃത്യമായ സ്ഥാനം
*ഉൽകൃഷ്ട വാതകങ്ങൾക്കു പ്രത്യേക സ്ഥാനം
*ഒരേ മൂലകത്തിന്റെ ഐസോടോപ്പുകൾക്കു ഒരേ സ്ഥാനം
18 ഗ്രൂപ്പുകൾ 7 പീരിയഡുകൾ



# മഹത് വചനങ്ങൾ

''നിയന്ത്രണമില്ലാത്ത കോപം മനുഷ്യനെ വിരൂപനും മൃഗതുല്യനുമാക്കുന്നു .''

ജോൺ വെബ്സ്റ്റർ

''ചിരിക്കാനറിഞ്ഞുകൂടാതെ മുഖം വിടരാടത്ത പൂമൊട്ടിന് സമമാണ് .''

ഹെൻറി ബിച്ചർ

''ജോലിത്തിരക്കുള്ളവന് ദുഃഖിക്കാൻ നേരമില്ല''

വില്യം ബ്ലേക്ക്

''നമ്മുടെ ചിന്തകളാണ് കാര്യങ്ങളെ നന്മയോ തിന്മയോ ആക്കുക .''

ഷേക്സ്പിയർ

''നിങ്ങൾക്കു ജീവിതവിജയം വേണമെങ്കിൽ സ്ഥിരപരിശ്രമത്തെ ആത്മമിത്രമായും അനുഭവത്തെ ഉപദേശിയായും മുൻകരുതലിനെ ജേഷ്ഠനായും മഹത്വത്തെ രക്ഷിതാവായും എടുക്കണം .''

എഡിസൺ

'വിഡ്ഢികളുടെ ആദ്യത്തെയും അവസാനത്തേതുമായ വാദമാണ് പരിഹാസം .''

സിമോൺസ്

''ചിന്തയാണ് നമ്മെ രൂപപ്പെടുത്തുന്നത് .

നമുക്ക് വില നിശ്ചയിക്കുന്നതും അതുതന്നെ .''

ശ്രീബുദ്ധൻ

''വേഷം നോക്കി വിഡ്ഢികളെയും ബുദ്ധിമാന്മാരെയും തിരിച്ചറിയാം .''

വെൻഗ്ലർ

''നല്ല പെരുമാറ്റം നല്ല സ്വഭാവത്തെ രൂപീകരിക്കുന്നു .''

ബെന്നറ്റ്

''ഭാഗ്യം മനുഷ്യന്റെ സൃഷ്ടിയാണ്.''

ടാറ്റ്ലർ

അഞ്ജന എം

# ദൃശ്യമാധ്യമങ്ങളും കേരളീയ സംസ്കാരവും

ഇന്ന് നമ്മുടെ നാട്ടിൽ മാധ്യമങ്ങൾക്ക് വളരെ അധികം പ്രശസ്തി ആണ് ഉള്ളത് . നമുക്ക് എന്ത് വിവരങ്ങൾ വേണമെങ്കിലും ഇപ്പോഴത്തെ ദൃശ്യമാധ്യമങ്ങളിൽ നിന്നും ലഭിക്കും . 2018-ലെ പ്രളയം കേരളത്തിനെ വിഴുങ്ങി എന്നത് നമ്മൾക്കെല്ലാവർക്കും അറിയാമല്ലോ .ആ സമയത്ത് എല്ലാവരും വീട്ടിൽ ടി വി യുടെ മുന്നിൽത്തന്നെയായിരുന്നു . എവിടെ എന്തൊക്കെ നടക്കുന്നെന്ന് യഥാസമയം നമ്മൾ എവ്വർക്കും അറിയാൻ കഴിഞ്ഞു . ഈ അവസരത്തിൽ പ്രശസ്തനായ ഒരു ശാസ്ത്രജ്ഞന്റെ വാക്കുകൾ ഞാൻ ഓർക്കുന്നു, ഇതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ ."മാധ്യമങ്ങൾ നമുക്ക് അറിവ് പകരാൻ ഉപയോഗിക്കാം .പക്ഷെ അത് അവരുടെ അറിവ് നശിപ്പിക്കാൻ വേണ്ടി ആകരുത് ."ആരാണ് ആ ശാസ്ത്രജ്ഞൻ ? അതെ മിസ്റ്റർ ഡേവിഡ് വില്യംസ് . ദൃശ്യമാധ്യമം ഒരു സമ്മാനം ആണ് .അതിനു ഒരു ജോലിയെ തകർക്കാനാവു , ഒരു മനുഷ്യനെയും . നമ്മുടെ മൊബൈൽ ഫോണിൽ നമ്മളെ ആകർഷിക്കുന്ന ഒരുപാടു കാര്യങ്ങൾ ഉണ്ട് . അതിൽ നമ്മൾ നല്ലതു മാത്രം തെരഞ്ഞെടുക്കണം .

വാർത്തകൾ ,റേഡിയോ ,ടെലിവിഷന് ഇവ നമ്മുടെ ജീവിതത്തിൽ വളരെ വലിയ പങ്കുവഹിക്കുന്നുണ്ട് .അത് നമ്മളിൽ ജിജ്ഞാസ വർദ്ധിപ്പിക്കുവാനും അറിവുനേടാനും സഹായിക്കുന്നു .അത് നമ്മെ ലോകം എങ്ങനെയാണെന്നും ലോകത്തിലെ മനുഷ്യരെങ്ങനെയാണെന്നും കാട്ടിത്തരുന്നു .നമ്മൾ ഈ മാധ്യമങ്ങളും മറ്റും ശരിയായ രീതിയിൽ ഉപയോഗിച്ചാൽ അത് നമ്മുടെ ഭാവിയെ ദോഷകരമായി ബാധിക്കനമ്മുടെ കേരളം വളരെ മനോഹരമാണ് പച്ചപ്പ് നിറഞ്ഞതും .നമ്മുടെ സംസ്കാരം അതിന്റെ പ്രൗഢിയിലും .ഈ ദൃശ്യമാധ്യമങ്ങൾ കൊണ്ട് ഗുണവും ദോഷവും ഉണ്ട് . ഈവിധമാധ്യമങ്ങൾക്ക് അടിമപ്പെട്ടവർ നമ്മുടെ ഇടക്കുതന്നെ ഉണ്ടാവും.നമ്മുടെ മാതാവാണ് നമ്മുടെ ലോകം ,അതിനെ നശിപ്പിക്കുന്നതൊന്നും നമ്മൾ ചെയ്യാൻ

പാടില്ല .ഇതിനൊക്കെ അടിമപ്പെട്ട് വീട്ടിൽനിന്നും ഇറങ്ങിപോകുന്നവരും ഉണ്ട് .ഇതൊക്കെ ഉപയോഗിക്കുമ്പോൾ നമ്മൾ നമ്മുടെ മാതാപിതാക്കളെ ഓർക്കണം .അവരുടെ സ്നേഹവും ,ലാളിത്യവും മറ്റു ഒരു മാധ്യമങ്ങൾക്കും നൽകാനാവില്ല .ഇപ്പോൾ ഭക്ഷണം കഴിക്കുമ്പോഴും ടി വി യോ മൊബൈൽ ഫോണോ മുന്നിലുണ്ടാവും .ഇപ്പോൾ കൊച്ചുകുഞ്ഞുങ്ങളുടെ കൈയ്യിൽ പോലും മൊബൈൽ ഫോണുണ്ടാവും .ഈ മാധ്യമങ്ങൾ കാരണം കുട്ടികൾക്കു അമ്മയെ വേണ്ട ,അച്ഛനെ വേണ്ട . ഈ മാധ്യമങ്ങൾ ദാമ്പത്യബന്ധങ്ങളെ തകർക്കാൻ ഇടയാക്കുന്നു .

ഈ മാധ്യമങ്ങൾ കാരണം ദാമ്പത്യബന്ധങ്ങൾ തകരുകയും,അമ്മയുടെയും അച്ഛന്റെയും സ്നേഹം കിട്ടാതെ വളരുന്ന കുട്ടികൾ ഭാവിയിൽ കുറ്റവാളികളാകുകയും ചെയ്യുന്നു .ഇപ്പോൾ ,പഠിക്കുന്ന കുട്ടികൾ വരെ സദാസമയവും ടി വി യുടെ മുന്നിലാണ് .ഇത് അവരുടെ ഭാവിയാണ് തകർക്കുന്നത് . അമ്മമാരുടെയും അച്ഛന്മാരുടെയും അവസ്ഥയും ഇതുതന്നെ .

ഒരു കുട്ടി ചെറുപ്പംമുതലേ ഫോണു പയോഗി ക്കാൻ തുടങ്ങും . അവന്റെ കൂട്ടുകാർ ഫോണും ടി വി യുമാകുന്നു . അവൻ അതിൽ ആകർഷിക്കപ്പെടുന്നു .ഒരിക്കലും മാധ്യമങ്ങൾ നിങ്ങളുടെ ജീവിതം തകർക്കുവാൻ ഇടയാകാതിരിക്കട്ടെ .



# മേനി പറച്ചിൽ

ഞാൻ വെണ്ടക്ക .സസ്യ ഭോജികൾ ശ്രദ്ധിക്കുക
എന്റെ സൂപ്പ് ആട്ടിൻസൂപ്പിന്റെ ഗുണംചെയ്യും
നല്ല സ്വാദുള്ള കൊണ്ടാട്ടവും മെഴുക്കുപെരുട്ടിയും
പാപ്പാസ് കറിയും വെക്കാൻ എന്നെ വേണം







ഞാൻ പാവയ്ക്ക.കൈപ്പാണെങ്കിലും ഇരുമ്പിന്റെ കലവറ .എന്റെ
കൊണ്ടാട്ടവും അച്ചാറും തോരനും കിച്ചടിയും മെഴുക്കുപുരട്ടിയും
ആരാ ഇഷ്ടപ്പെടാത്തത് .ഞാനില്ലാത്ത സദ്യയുണ്ടോ?

ഞാൻ കറിവേപ്പില ചുക്കില്ലാത്ത കഷായമുണ്ടോ ?
എല്ലാകറിക്കും രുചിയും മണവും നല്കാൻ എന്നെ
വേണം_.എന്റെ ചമ്മന്തി എത്ര നല്ലതാണ്. വിറ്റാമിന്
A യുടെ കലവറയാണ്





ഞാൻ നെല്ലിക്ക വേവിച്ചു കഴിഞ്ഞാലും എന്നിലെ ജീവകം C
നഷ്ടപ്പെടില്ല .ഞാൻ നല്ലൊരു ശീതളപാനീയംകൂടിയാണ്.അച്ചാർ
,ചമ്മന്തി ,വൈൻ എന്നിവയുണ്ടാക്കാൻ ഞാനെത്ര നല്ലതാണ്.
എന്നെ ചവച്ചു കൊണ്ട് വെള്ളം കുടിച്ചാൽ മധുരിക്കും

-

# റോസാപ്പൂ

ചാച്ചജ്ജിതൻ സഹചാരിനി
എന്നും ഞങ്ങൾക്ക് അഭിമാനം
സഹനം തൻ ജ്ജീവിതമെന്നാൽ
വിജ്ജയത്തിൻ കൊടി പാറിക്കും [2]

ചുവന്ന റോസാപ്പൂക്കൾ ഞങ്ങൾ
വിജ്ജയത്തിനായി മുന്നേറാം
ജ്ജീവിതവേളയിൽ നമ്മെളെല്ലാം
ഒരു റോസാ പൂവാണല്ലോ [2]

സൗഹൃദത്തിന് അടയാളം ഞാൻ
പൂക്കൾക്കിടയിൽ റാണിയുമായി
പരിമളത്തിൻ പ്രഭവിതറിഞ്ഞാൻ
പരിലസിക്കും പൂന്തോപ്പിൽ

(ചുവന്നറോസാപൂക്കൾ)



# Quotes of Mahatma Gandhi



*** “Where there is love there is life”**

*** “The future depends on what we do in the present”**

*** “In a gentle way, you can shake the world”**

*** “Be the change what you want to see in the world”**

*** “If you want real peace n the world, start with children”**

*** “The best way to find yourself is to see yourself in the service of others”**

*** “Hate the sin love the sinner”**

***I open my day with prayer and close it with the same.
So i can solve my problems very easily.**

***My life is my message.**

***True education can change the child completely and made him a perfect man.**

# സമാന്തരവര

ആനന്ദഭവത്തിൽ ആരും പഠിക്കുന്ന

പാഠമസമാന്തരരേഖ...

ചിത്തത്തിനുള്ളുകൾ നൂതനചിന്തയാൽ

ദീപ്തങ്ങളാകുന്ന രേഖാ....

എത്രവരച്ചാലും കൂട്ടിമുട്ടാത്ത വിചിത്രസമാന്തരരേഖാ


അന്തമില്ലാതിവർ തുല്യാന്തരങ്ങളിൽ നീണ്ടിങ്ങുപോകുമീരേഖാ

നാമതിൽകാണ്ടു വരയുമ്പോൾ ഛേദകം തീർക്കുന്ന കോണുകൾ രേഖാ

സ്ഥാനത്തിൻതുല്യവും മാനമൊന്നായ് സമസ്ഥാനീയ കോണുകൾ രേഖാ

പാർശ്വാന്തരമായ് കാണുന്ന കോണാനുപൂരകമാക്കുന്ന രേഖാ ...

ഏകാന്തരമാം കോണളവൊന്നായ് കാണും സമാന്തര രേഖാ ..



# ക്വിസ്



മണ്ണിരയുടെ ശ്വാസനവയവം :ത്വക്ക്

നക്ഷത്രത്തിൽ കൂടുതലുള്ള മൂലകം : ഹൈഡ്രജൻ

മണ്ണിനെ കുറിച്ചുള്ള പഠനം :പെഡോളജി

ഏറ്റവും കാഠിന്യമുള്ള മൂലകം :ടങ്സ്റ്റൻ

പ്രകൃതി വാതകത്തിലെ പ്രധാന ഘടകം :മിഥേൻ

ശരീരത്തെ ബാധിക്കുന്ന രോഗങ്ങളെ കുറിച്ചുള്ള പഠനം :പാത്തോളജി

പ്രാഥമിക വർണങ്ങൾ ഏതല്ലാം : ചുവപ്പ് ,പച്ച ,നീല


റെഫ്രിജേറ്ററിൽ ശീതികാരിയായി ഉപയോഗിക്കുന്നത് :ഫ്രിയോൺ

ആസിഡുകളിലെ പൊതു ഘടകം :ഹൈഡ്രജൻ

വൃക്കകളെ കുറിച്ചുള്ള പഠനം :നെഫ്രോളജി

മനുഷ്യരിലെ വാരിയെല്ലുകളുടെ എണ്ണം :24

പാലിനെ തൈരാക്കുന്ന ബാക്ടീരിയ ഏതു : ലാക്റ്റോബാസിലസ്




POOJA R
IX A

# കടങ്കഥകൾ

## ചോദ്യങ്ങൾ

1 അക്കരെ നില്ക്കും മച്ചമ്പി
ഇക്കരെ നിൽക്കും മച്ചമ്പി
കടലിൽ ചാടും മച്ചമ്പി
കുന്നിൻ മുകളിൽ കയറും മച്ചമ്പി

2 അച്ഛൻ സൂര്യൻ ,അമ്മ കടൽ
കുടിൽ തൊട്ട കൊട്ടാരം വരെ പ്രവേശനമുള്ള
ഇത്തിരികുഞ്ഞന്റെ പേര് ചൊല്ലാമോ ?

3 അടിയിൽ കിണ്ണം ,നടുവിൽ വടി ,
മേലെ കുട

4 അമ്മക്ക് വാലില്ല ,മക്കൾക്കെല്ലാം വാല് .

5 അമ്മയെ കുത്തിയ മോൻ വെന്തുമരിച്ചു .

6 അഴിയെറിഞ്ഞ അമ്പലത്തിൽ
കിളിയിരുന്നു ചിലക്കുന്നു .

7 ആകാശത്തൂടെ തേരൊടുന്നു ,
തേരാളി ഭൂമിയിൽ നിൽക്കുന്നു .

8 ആനയ്ക്ക് നിൽക്കാൻ തണലുണ്ട് ,
ഉപ്പ് പൊതിയാനിലയില്ല .

9 ആശാരി മൂശാരി തൊടാത്ത തടി
വെള്ളത്തിലിട്ടാൽ ചീയാത്ത തടി

10 ഇത്തിരി മുറ്റത്തഞ്ചു മുരിക്ക് ,
അഞ്ചു മുരിക്കിന്മേൽ കൊച്ചുമുരിക്ക് ,
കൊച്ചുമുരിക്കിന്മേൽ ചാന്തു കുടുക്ക .

ഉത്തരങ്ങൾ

1 സൂര്യൻ

2 ഉപ്പ്

3 ചേന

4 തവള

5 തീപ്പെട്ടികൊള്ളി

6 നാവ്

7 പട്ടം

8 പുളിമരം

9 ചീങ്കണ്ണി

10 നഖത്തിൽ ക്യൂട്ടക്സ്




അഴകുള്ള ചക്കയിൽ ചുളയില്ല

അറിവാണ് ശക്തി

അസൂയക്കും കഷണ്ടിക്കും മരുന്നില്ല

അധികമായാൽ അമൃതും വിഷം

അകത്തൊന്നു മുഖത്തൊന്നു


അപ്പം തിന്നാൽ മതി കുഴിയെണ്ണണ്ട

അങ്ങാടിപയ്യ്ആലയിൽ നിൽക്കില്ല

അടുക്കളമാറിയാൽ ആറുമാസം

അത്താഴം അത്തിപ്പഴത്തോളം

അഴകും ആയുസും ഒത്തുവരില്ല


കീർത്തന. D.R.


അച്ചുക്കുട്ടി

# NUMBER PATTERN

**1x8+1=9**
**11x8+11=99**
**111x8+111=999**
**1111x8+1111=9999**
**11111x8+11111=99999**
**111111x8+111111=999999**
**1111111x8+1111111=9999999**
**11111111x8+11111111=99999999**

**1 x 1 =1**
**11x11=121**
**111x111=12321**
**1111x1111=1234321**
**11111x11111=123454321**
**111111x111111=12345654321**
**1111111x1111111=1234567654321**
**11111111x11111111=123456787654321**
**111111111x111111111=12345678987654321**
**1111111111x1111111111=12345678910987654321**

# എന്റെ ലോകം

'അമ്മ എന്ന പൊൻവിളക്കിൽ നിന്ന്
ഉതിർന്നുവന്ന ദൂവെളിച്ചമാണ് എൻ ജീവിതം .
'അമ്മ തൻ മാനസത്തിൽ നിന്ന്
ഉതിർന്നുവന്ന പ്രാർഥനയാണെൻ ജീവിതം .

അച്ഛനെന്ന മഹാസാഗരത്തിൽ അലയടിച്ചു -
യരുന്ന കൊച്ചുതിരമലയാണെൻ ജീവിതം .
അച്ഛനെന്ന മഹാഗുരുവിന്റെ സത് വചനങ്ങൾ
നിറയും കാലവറയാണെൻ ജീവിതം .

ആകാശനീലിമയിൽ കെടാവിളക്കായി മിന്നിത്തിളങ്ങുന്ന
പൊൻതാരകമാണെൻ അച്ഛൻ ;
തിന്മകൾ കണ്ടാൽ അരുതേ പറഞ്ഞു
നന്മതൻ മൊഴിയിൽ തലോടിയുറക്കുന്ന ഇളംകാറ്റാണെന്നമ്മ .

സൂര്യചന്ദ്രന്മാരും ദിനരാത്രങ്ങളും പോലെ മാതാപിതാക്കളും ഞാനുമാണെൻ ജീവിതം .
എൻ ഗുരുവും , എൻ ദൈവവും , എൻ ശ്വാസവും ,
എൻ സർവതുമാണെൻ ജീവിതം .
അതാണെന്റെ ലോകം .

ആലിയ സുനീർ

# വർഗങ്ങളുടെ ഭംഗി

(11)2=121

(101)2 = 10201

(1001)2 = 1002001

(10001)2 = 100020001

......................................................

(12)2 =144

(102)2 =10404

(1001)2 =1004004

(10001)2 =100040004

.....................................................

(13)2 =169

(103)2 =10609

(1003)2 =1006009

(10003)2 =100060009


# പ്രകാശദീപം

കത്തി ജ്വലിക്കുന്ന ദീപമായി
കോരിച്ചൊരിയുന്ന പേമാരിയിൽ കുടയുമായി
കൊടുംശൈത്യകാലത്തെന്നും ചൂടിന്റെ രോമപ്പുതപ്പുമായി
ഓടിയെന്നോടണയുകയാണെന്നമ്മ

വിജയത്തിൻ തളിർനാമ്പിൽ
പുതുഹരിതം തളിരിടാൻ
പ്രേചോദനമാം എന്നമ്മ
കൺകണ്ട ദൈവവും വീട്ടിലെ ഗുരുവുമാകുന്നു

രാവെന്നോ പകലെന്നോ ഓർക്കാതെ
മക്കൾക്കായി ജീവിതം ത്യജിക്കുകയാണെന്നമ്മ
ക്രൂരിരുട്ടിന്റെ കറുത്ത അന്ധകാരത്തിലെങ്ങും
കത്തിജ്വലിക്കുന്ന പ്രകാശദീപം എന്നമ്മ

ദുഖങ്ങളങ്ങുമായി നീറും മനസ്സിന്
സ്നേഹത്തിൻ സ്പർശവും
കാരുണ്യദീപവുമായി സ്വയം -
ചൊരിയുകയാണ് അമ്മ



വേദനിക്കുന്ന മുറിപ്പാടുകളിൽ
നേർത്ത പഞ്ഞിയായ് കുളിരായ്
വിജയത്തിൻ വാതിലുകൾ
മലർക്കെ തുറന്നിട്ട്
വിജയത്തിന് തളിർ നാമ്പിൽ
പുതുഹരിതം തളിരിടാൻ

പ്രചോദനമാം എൻ  അമ്മ
എണ്ണ വറ്റാത്തൊരു കത്തിജ്വലിക്കുന്ന
കാരുണ്യ ദീപമായി സ്വയം പ്രകാശിക്കുകയാണ് അമ്മ

അമ്മയെന്നൊരു രണ്ടക്ഷരല്ല
ജീവന്റെ കാതൽ എന്ന സ്നേഹത്തിൻ
ചാക്കുതന്നെയാകുന്നു അമ്മ

ഗൗരിചന്ദ്ര റ്റി എസ്

**നന്ദിയോടെ ...............**

**ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും ഇതിന് പിന്തുണനൽകിയ എല്ലാ അധ്യാപകർക്കും ഒരായിരം നന്ദി.....**